Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

തീയതി :15.06.2023

പത്രക്കുറിപ്പ്

# 'ലിറ്റിൽ കൈറ്റ്സ്' പുതിയ ബാച്ചിലേയ്ക്ക് 62000 കുട്ടികൾ

- **അഭിരുചി പരീക്ഷാഫലം പ്രഖ്യാപിച്ചു.**

പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിലേക്ക് ഈ വർഷത്തെ എട്ടാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് 2023 ജൂൺ 13 ന് നടന്ന അഭിരുചി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2039 യൂണിറ്റുകളിൽ നിന്നായി 121159 വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്. ഇവരിൽ 1988 യൂണിറ്റുകളിൽ നിന്നുള്ള 62000 വിദ്യാർത്ഥികളെയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി തെരഞ്ഞെടുത്തിട്ടുള്ളത്. പരീക്ഷാഫലം സ്കൂൾ ലിറ്റിൽ കൈറ്റ്സ് ലോഗിനിൽ ലഭ്യമാണ്.

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽ ആപ് നിർമാണം, ഗ്രാഫിക്സ് ഡിസൈനിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, ഐ.ഒ.ടി, റോബോട്ടിക്സ്, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകും. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിൽ 'എ ഗ്രേഡ്' ലഭിക്കുന്ന കുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകി വരുന്നുണ്ട്. ഡിജിറ്റൽ മീഡിയ ലിറ്ററസി ഉൾപ്പെടെ നിരവധി പുതിയ പദ്ധതികൾ ലിറ്റിൽ കൈറ്റ്സ് വഴി കൈറ്റ് നടപ്പാക്കുന്നുണ്ട്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

VICTERS The Complete Educational Channel
victers.kite.kerala.gov.in

Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in

www.kite.kerala.gov.in
(CIN : U74999KL2017NPL049848)